ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന മേളകൾവഴിയും മറ്റ് പ്രചാരണോപാധികളിൽ ഉൾപ്പെടുത്തിയും സ്വകാര്യ നിക്ഷേപകർ നടത്തുന്ന സ്ഥാപനങ്ങളുടെ മാർക്കറ്റിംഗിനും സഹായം നൽകിവരുന്നുണ്ട്. കൂടാതെ കൂടുതൽ സ്വകാര്യ നിക്ഷേപകർ കടന്നുവരാൻ ഉതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ടൂറിസം രംഗത്തെ എല്ലാ പ്രവർത്തനങ്ങളിലും അവരുമായി ആശയവിനിമയം നടത്തുവാനും സർക്കാർ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കൂടുതൽ നിക്ഷേപം സ്വകാര്യ മേഖലയിലും സംയുക്തമേഖലയിലും ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനായുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ടൂറിസ്റ്റ് റിസോർട്സ് (കേരള) ലിമിറ്റഡ് മുഖേനയും നടത്തിവരുന്നു. ടൂറിസം വികസനത്തിന് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകുന്ന വിവിധ വിഭാഗം ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവയ്ക്ക് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

നിർദ്ധനരുടെ ചികിത്സാ സഹായത്തിന് ഇൻഷ്വറൻസ് പദ്ധതി

11 (*157) <u>ശ്രീ. കെ.എ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഭാഗമായി നിർദ്ധനരുടെ ചികിത്സാ സഹായത്തിന് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. ഷൺമുഖദാസ്</u>) :

(എ)&(ബി)ഉണ്ട്. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വാർഷിക വരുമാനം 1500 രൂപയിൽ താഴെയുള്ളവർക്കെല്ലാം സൗജന്യ ചികിത്സ മെഡിക്കൽ കോളേജ് ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും നൽകിവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രധാന ആശുപത്രികളിലെല്ലാം തന്നെ സാമ്പത്തിക ലഭ്യതയനുസരിച്ച് നവീന രോഗനിർണ്ണയ ചികിത്സാ ഉപകരണങ്ങൾ ഏർപ്പെടുത്തി. അപ്രകാരം സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ ഹൃദ്രോഗ ചികിത്സ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ കീഴിൽ ആൻജിയോഗ്രാഫി, ആൻജിയോ പ്ലാസ്റ്റി, ഹാർട്ട് സർജറി തുടങ്ങിയവ വളരെ കുറഞ്ഞ ഫീസ് ഈടാക്കി നടത്തിവരുന്നു. കുടുംബവാർഷിക വരുമാനം 24,000/- രൂപയിൽ താഴെയുള്ളവർക്ക് ഭാരിച്ച ചെലവ് വരുന്നു. ഹൃദ്രോഗ ചികിത്സ ഉൾപ്പെടെയുള്ള അസുഖങ്ങൾക്ക് 50,000 രൂപ വരെ നൽകുന്നതിനായി ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായും ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) സെക്രട്ടറിയായും 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ' എന്ന പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സൊസൈറ്റി പുതിയതായി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം നാളിതുവരെ 78 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിർദ്ധനരായ രോഗികൾക്കായി ആരോഗ്യവകുപ്പ് ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും സഹായം അനുവദിക്കാറുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യരക്ഷ

12 (*158)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതിന്റെ ഭാഗമായി 'ആരോഗ്യരക്ഷ' ജനങ്ങളിൽ എത്തിക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) പാവപ്പെട്ട ഗ്രാമീണരെ വിവിധ രോഗങ്ങൾ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നറിയുന്നതിന് മെഡിക്കൽ സംഘങ്ങൾ ഗ്രാമങ്ങളിൽപോയി അവരെ പരിശോധിക്കുന്നതിനും ആവശ്യമുള്ളവർക്ക് വേണ്ട ചികിത്സ നൽകുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(സി) പൊതുജനാരോഗ്യം, രോഗപ്രതിരോധം, രോഗനിവാരണം, കുടുംബക്ഷേമം എന്നീ വിവിധനിലയിൽ ഗ്രാമീണജനതയുടെ ആരോഗ്യരക്ഷയ്ക്കായി നടപടികൾ കൈക്കൊണ്ടുവരുന്നു. രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, മാരക രോഗങ്ങൾക്കെതിരെ ബോധവൽക്കരണം എന്നിവയും നടത്തിവരുന്നുണ്ട്. ഭാരത സർക്കാരിന്റെ ആരോഗ്യപരിപാടികളുടെ ഭാഗമായി താഴെപ്പറയുന്ന ആരോഗ്യപരിപാടികൾ മുഖേന ഗ്രാമങ്ങളിലെ പ്രൈമറി ഹെൽത്ത് സെന്റർ, ബ്ലോക്കുതല പി.എച്ച്.സി., സി.എച്ച്.സി.കൾ എന്നിവയിലൂടെ വൈദ്യസേവനം ലഭ്യമാക്കുന്നുണ്ട്.

1. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി.
2. ദേശീയ ക്ഷയരോഗ നിവാരണ പരിപാടി.
3. ദേശീയ കുടുംബക്ഷേമ പരിപാടി.
4. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി.
5. ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി.
6. ദേശീയ അന്ധതാ നിവാരണ പരിപാടി.
7. ദേശീയ മാനസികാരോഗ്യ പരിപാടി.
8. ദേശീയ പോഷകാഹാര പരിപാടി.
9. ദേശീയ വികലാംഗക്ഷേമ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly